യൂസുഫിന്റെ ദുരൂഹ മരണം

43 [817] ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുവള്ളി പോലീസ് സ്റ്റേഷൻ പരിധിയിലെ എളേറ്റിലെ മത്സ്യത്തൊഴിലാളി ആയിരുന്ന യൂസുഫിന്റെ ദുരൂഹ മരണം സംബന്ധിച്ച് അന്വേഷണം ഏതുവരെയായി ;

(ബി) ഇതിലെ പ്രധാനപ്പെട്ട പ്രതികളായിട്ടുള്ളവരിൽ എത്ര പേരെ പിടികൂടിയിട്ടുണ്ട് ;

(സി) ഇനിയും എത്ര പേരെ പിടികൂടാനുണ്ട് ;

(ഡി) കേസന്വേഷണത്തിന്റെ നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) യൂസുഫിന്റെ ദുരൂഹ മരണം സംബന്ധിച്ച കേസ് ഇപ്പോൾ ക്രൈംബ്രാഞ്ച് അന്വഷണം നടത്തിവരുന്നു.

(ബി, സി) ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

(ഡി) ക്രൈംബ്രാഞ്ച് ഊർജ്ജിതമായി അന്വേഷിച്ചുവരികയാണ്.

പരവൂർ അനിയുടെ ദുരൂഹ മരണം സംബന്ധിച്ച അന്വേഷണം

44 [818] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരവൂർ കുറുമണ്ടൽ യക്ഷിക്കാവ് വിളയിൽ ആനന്ദിന്റെ മകൻ അനിയുടെ ദുരൂഹ മരണം സംബന്ധിച്ച് ലോക്കൽ പോലീസിന്റെ അന്വേഷണം ഏത് ഘട്ടംവരെയായി ;

(ബി) പ്രസ്തുത കേസ് ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പരവൂർ കുറുമണ്ടൽ യക്ഷിക്കാവ് വിളയിൽ ആനന്ദിന്റെ മകൻ 11 വയസ്സുള്ള അനിയുടെ മരണത്തെ തുടർന്ന് പരവൂർ പോലീസ് സ്റ്റേഷനിൽ ക്രൈം 354/04 നമ്പരായി സെക്ഷൻ 174 സി. ആർ. പി. സി. പ്രകാരം 3-10-2004-ൽ കേസ് രജിസ്റ്റർ ചെയ്ത് പ്രേത വിചാരണ റിപ്പോർട്ട് തയ്യാറാക്കി മൃതദേഹം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അയച്ച് പോസ്റ്റ്മോർട്ടം പരിശോധന നടത്തിയിട്ടുള്ളതും തുടർന്ന് ബന്ധുക്കൾക്ക് വിട്ടുകൊടുത്തിട്ടുള്ളതുമാണ്. പോസ്റ്റ്മോർട്ട സമയം ഡോക്ടർ ശേഖരിച്ച ആന്തരിക അവയവങ്ങൾ കെമിക്കൽ പരിശോധന നടത്തി റിപ്പോർട്ടിനുവേണ്ടി തിരുവനന്തപുരം കെമിക്കൽ ലാബിൽ അയച്ചുകൊടുത്തിട്ടുണ്ട്. ടി കേസിന്റെ അന്വേഷണം തുടർന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly